1. മത്സ്യകർഷക വികസന ഏജൻസികൾ വഴിയുള്ള മത്സ്യക്കൃഷി പദ്ധതികൾ
2. ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ വഴിയുള്ള മത്സ്യ/ചെമ്മീൻ/ഞണ്ട്/ചിപ്പി/കക്ക വികസന പദ്ധതികൾ
3. ബോധവൽക്കരണ പരിപാടികൾ
4. കണ്ടൽവനങ്ങളുടെ സംരക്ഷണവും വികസനവും
5. ജല സംഭരണികളിൽ മത്സ്യക്കൃഷി
6. നിരോധിക്കപ്പെട്ട മത്സ്യബന്ധന രീതികൾ നിയന്ത്രിക്കുന്നതിന് പട്രോളിംഗ്
7. സംയോജിത മത്സ്യക്കൃഷി പദ്ധതികൾ
8. ഒരു നെല്ലും ഒരു മീനും പദ്ധതി
9. പൊക്കാളി നിലങ്ങളിൽ ചെമ്മീൻ കൃഷിക്കുള്ള പദ്ധതി
10. പൊതുജലാശയങ്ങളിൽ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ. ഈ പദ്ധതികൾ എല്ലാംതന്നെ വ്യാപകമായ ബോധവൽക്കരണത്തിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ജനപങ്കാളിത്തത്തോടും വളരെ വിജയകരമായി നടപ്പാക്കിവരുന്നു.

കാട്ടുതീ

12 (*547) ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വിധത്തിലാണ് കാട്ടുതീ ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഈ വർഷം ഇതുവരെ ഏതെല്ലാം മേഖലയിൽ കാട്ടുതീ കാണപ്പെട്ടു എന്നും എത്ര ദിവസത്തിനുള്ളിൽ തീ കെടുത്താനായെന്നും വെളിപ്പെടുത്തുമോ ;

(സി) കാട്ടുതീയുണ്ടായതായി വിവരം കിട്ടിയാലുടനെ അത് അണയ്ക്കാനുള്ള സംവിധാനം നിലവിലുണ്ടോ ;

(ഡി) കാട്ടുതീ മുഖാന്തരം ഈ വർഷം എന്ത് നഷ്ടമുണ്ടായി എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) പ്ലാന്റേഷൻ വനങ്ങൾ മിക്കവാറും ജനവാസ കേന്ദ്രങ്ങളോട് ചേർന്നു കിടക്കുന്നതും ജനസഞ്ചാരമുള്ളവയുമാകയാൽ കഠിനമായ വരൾച്ച ഉണ്ടാകുന്ന അവസരങ്ങളിൽ വഴിപോക്കർ അശ്രദ്ധമായി വലിച്ചെറിയുന്ന തീപ്പെട്ടിക്കുറ്റി, സിഗരറ്റ്, ബീഡിക്കുറ്റികൾമൂലവും, കാലി മേയ്ക്കലിനും പുല്ലു ശേഖരിക്കുന്നതിനും വരുന്നവർമൂലവും സമീപ വാസികൾ ബോധപൂർവ്വം തീയിടുന്നതിനാലും ചെറുകിടവിഭവങ്ങൾ ശേഖരിക്കാൻ എത്തുന്നവരുടെ ശ്രദ്ധക്കുറവുമൂലവും കാട്ടുതീ ഉണ്ടാകാറുണ്ട്. കൂടാതെ കഠിനമായ ചൂടുമൂലം ചില അവസരങ്ങളിൽ പ്രകൃതിദത്തമായ തീ ഉണ്ടാകാറുണ്ട്.

(ബി) ഈ വർഷം സംസ്ഥാനത്തിന്റെ മിക്കവാറും വനമേഖലകളിൽ ചെറിയ തോതിൽ കാട്ടുതീ ഉണ്ടായിട്ടുണ്ട്. ഇത് അപ്പപ്പോൾ തന്നെ കണ്ടുപിടിച്ച് തീ അണയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാട്ടുതീ ഉണ്ടായ വിവരം ലഭിച്ചാൽ ഉടൻ തന്നെ അതു അണയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. തീ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഫയർ വാച്ചർമാരെ നിയമിച്ചും വനസംരക്ഷണ സമിതികളുടെ നേതൃത്വത്തിൽ പങ്കാളിത്ത അഗ്നിശമന പ്രവർത്തനങ്ങൾ നടത്തിയും തീ അണയ്ക്കാറുണ്ട്.

(ഡി) ഈ വർഷം സംസ്ഥാനത്താകെ 174 കാട്ടുതീ സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടു ലഭിച്ചിട്ടുണ്ട് ഇതുമൂലം 877 ഹെക്ടർ സ്ഥലത്ത് ഗ്രൗണ്ട് ഫയർ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇതുമൂലം തിട്ടപ്പെടുത്തിയ നഷ്ടത്തിന്റെ കണക്ക് 29,200 രൂപയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വിദേശത്തുനിന്നും ധനസഹായം ലഭിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ

13 (*548) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനുള്ള ഏതൊക്കെ പദ്ധതികൾക്കാണ് വിദേശത്ത് നിന്നുള്ള ധനസഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(ബി) 2001 മേയ് മുതൽ ഇതുവരെയായി പ്രസ്തുത പദ്ധതികൾക്കായി ലഭിച്ചിട്ടുള്ള വിദേശസഹായം എത്രയെന്ന് വ്യക്തമാക്കാമോ :

(സി) പ്രസ്തുത പദ്ധതികളുടെ മേൽനോട്ടത്തിനായി കൺസൾട്ടൻസികളെ നിശ്ചയിച്ചിട്ടുണ്ടോ ; എത്ര കൺസൾട്ടൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly